**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1735** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാട് കയറി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും കാട് കയറി കിടക്കുന്നതുമായ ഭൂമിയിൽ കാട്ടു പന്നികൾ ആവാസ വ്യവസ്ഥ കണ്ടെത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം ഭൂമി കൃഷിയോഗ്യമാക്കുന്നതിന് വസ്തു ഉടമകളുടെ സഹകരണത്തോടെ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് കൃഷി ചെയ്യാത്തതും, വിനിയോഗിക്കപ്പെടാത്തതുമായ ഭൂമി വിവിധങ്ങളായ വാണിജ്യ കൃഷിക്കുവേണ്ടി ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2024 -ൽ സർക്കാർ നവോ-ധൻ (NAWO-DHAN: New Agriculture Wealth Opportunities - Driving Horticulture and Agri-Business Networking) എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ, ഫാമുകൾ, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട്, അവരുടെ ഉടമസ്ഥതയിലുള്ള കൃഷി യോഗ്യമായ ഭൂമി പദ്ധതിക്ക് വേണ്ടി സ്വരൂപിക്കുവാനും, ആയതു ഹൈ-ടെക് കാർഷിക ഫാമുകളായി വികസിപ്പിക്കുവാനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.<br><br>നവോ-ധൻ പദ്ധതിയിൽ നാളിതുവരെ 32 ഭൂ-ഉടമകളും, 226 കർഷക സംരംഭകരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ഭൂ-ഉടമകളിൽ പൊതുമേഖലയിൽ നിന്ന് 11 പേരും, സ്വകാര്യ മേഖലയിൽ നിന്ന് 21 പേരും ഉൾപ്പെടുന്നു. ഇവരിൽ നിന്നായി മൊത്തം 4758.37 ഏക്കർ ഭൂമി പദ്ധതിക്കായി ലഭ്യമായിട്ടുണ്ട്.<br><br>നവോ-ധൻ പദ്ധതി പ്രകാരം, പദ്ധതിക്ക് ലഭ്യമായ ഭൂമിയിൽ, കർഷക സംരംഭകർ/ കർഷക കൂട്ടായ്മകൾ എന്നിവർക്ക് സർക്കാർ അംഗീകരിച്ച ഒരു സർവ്വീസ് ലെവൽ എഗ്രിമെന്റ് (Service Level Agreement) അനുസരിച്ച്, കൃഷി ഒരു സേവനം എന്ന നിലയിൽ വാണിജ്യപരമായ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. കൃഷി ചെയ്യുന്നവർക്കു ഭൂമിയിൽ യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ